അനുകരണീയമായ മാതൃക മറ്റു സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇരുപതിൽപ്പരം വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഈ സമ്പ്രദായം വിവിധ സ്പോർട്സ് അസോസിയേഷനുകൾ അർഹതയില്ലാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നുവെന്നുള്ള കാരണം പറഞ്ഞ് നിർത്തലാക്കുന്നത് 'എലിയെ പേടിച്ച് ഇല്ലം ചുടുന്നതിന്' സമാനമാണ്. കേരളത്തിൽ നിയമാനുസൃതം പ്രവർത്തിക്കുന്ന സ്പോർട്സ് അസോസിയേഷനുകൾ അനർഹർക്ക് സർട്ടിഫിക്കറ്റ് നൽകുന്നുവെങ്കിൽ ആ കാര്യം ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. അങ്ങനെ പ്രശംസനീയമായി നടക്കുന്ന ഒരു പദ്ധതി നിർത്താലാക്കുകയല്ല വേണ്ടത്. സ്കൂൾ കായിക മേള സംസ്ഥാന സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാത്രം മത്സരമാണ്. സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. വിദ്യാർത്ഥികൾ ഇതിന്റെ പരിധിയിൽ വരികയില്ല. വർഷങ്ങളായി നടപ്പിലുള്ള ഈ പദ്ധതി ബന്ധപ്പെട്ട വരുമായും ആരുമായും ചർച്ച ചെയ്യാതെ മാറ്റാനുള്ള തീരുമാനം അടിയന്തിരമായി റദ്ദു ചെയ്ത് നിലവിലുള്ള ഗ്രേസ് മാർക്ക് സമ്പ്രദായം തുടരാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അത് വിശദമായി പരിശോധിച്ചു. ചില കുറവുകളൊക്കെയുണ്ടെങ്കിലും സ്റ്റാറ്റസ്കോ നിലനിർത്തനാവശ്യമായ ഉത്തരവ് കൊടുത്തിട്ടുണ്ട്.

(12) പ്ലസ്ടു കോഴ്സിൽ സംസ്കൃതവും .അനുവദിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ : സർ, സംസ്കൃതാചാര്യന്മാരായ പുന്നശ്ശേരി നമ്പിയുടെയും പുന്നശ്ശേരി നീലകണ്ഠശർമ്മയുടെയും സ്മരണ നില നിറുത്തുന്നതിനുവേണ്ടി പട്ടാമ്പിയിൽ സ്ഥാപിതമായിട്ടുള്ള നീലകണ്ഠ സംസ്കൃത കോളേജിൽ പഠനം നടത്തി വരുന്ന കുട്ടികൾ ആശങ്കയിലാണ്. ഇവിടെ സംസ്കൃതഭാഷ പ്രധാന ഭാഷയായി പഠനം നടത്തിയ ആയിരക്കണക്കിന് വിദ്യാർത്ഥികളുണ്ട്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതുകൊണ്ട് സംസ്കൃത കോഴ്സ് നഷ്ടപ്പെടുമോ എന്നുള്ള വേവലാതിയാണ് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ളത്. ഇതിനെത്തുടർന്ന് അവർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രക്ഷോഭ പരിപാടികൾക്ക് നേതൃത്വം കൊടുത്തു കൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ ഒന്നുകിൽ സംസ്കൃത കോഴ്സ് പട്ടാമ്പി കോളേജിൽ നിലനിർത്താനോ അല്ലെങ്കിൽ കോഴ്സ് ഡീലിങ്ക് ചെയ്യുമ്പോൾ ആ പ്രദേശത്തിലെ മുഴുവൻ സ്കൂളുകളിലും പ്ലസ്ടു അനുവദിക്കാനും അവിടെ സംസ്കൃതം പ്രധാന വിഷയമായി, പ്രധാന ഭാഷയായി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സീമപത്തുള്ള സ്കൂളുകളിൽ സംസ്കൃത ഭാഷയും കൂടി പഠിപ്പിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി സ്പീക്കർ : ഇന്നലെ ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി ഇന്ന് പറയാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപരുടെയും ജീവനക്കാരുടെയും മാത്രം പ്രശ്നമാണ്. അവതരിപ്പിച്ചു കഴിഞ്ഞു. മറുപടി മാത്രം മതി.

(13) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടേയും ജീവനക്കാരുടെയും ശമ്പള പരിഷ്ക്കരണം

(29-3-2000-ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന്റെ മറുപടി)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടേയും ജീവനക്കാരുടേയും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് കമ്മിറ്റി പരിശോധിച്ചു. അത് ഇനി മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരേണ്ടിയിരിക്കുകയാണ്. മുഖ്യമന്ത്രിക്ക് സബ്മിറ്റു ചെയ്തു. മുഖ്യമന്ത്രി അത് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്. അത് വന്നാലുടൻ മന്ത്രിസഭയുടെ പരിഗണനക്ക് കൊണ്ടുവരുന്നതാണ്.

(14) കൊയിലാണ്ടി കേന്ദ്രമായി വിദ്യാഭ്യാസ ജില്ല

ശ്രീ. പി. വിശ്വൻ : സർ, കൊയിലാണ്ടി താലൂക്കിൽ കൊയിലാണ്ടി കേന്ദ്രമായി ഒരു വിദ്യാഭ്യാസ ജില്ല അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. താലൂക്കിൽ 321 സ്കൂളുകളുണ്ട്. 38 ഹൈസ്കൂളുകൾ, 102 യു. പി. സ്കൂളുകൾ, 181 എൽ. പി. സ്കൂളുകൾ 6 എ. ഇ. ഒ.യുമുണ്ട്.. ഇപ്പോൾ വടകര താലൂക്കും കൊയിലാണ്ടി താലൂക്കും കൂടിയ വടകര വിദ്യാഭ്യാസ ജില്ലയാണ്. കൊയിലാണ്ടി താലൂക്കിന് പ്രത്യേകമായി ഒരു വിദ്യാഭ്യാസ ജില്ല വേണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പുതിയ വിദ്യാഭ്യാസ ജില്ലകൾ അനുവദിക്കുമ്പോൾ ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

(15) പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ശോച്യാവസ്ഥ

ശ്രീ. പി. പി. തങ്കപ്പൻ : സർ, പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ റയോൺസ് കമ്പനി പ്രവർത്തനമൂലധനത്തിന്റെ പോരായ്മമൂലം ഇന്ന് ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിൽ നിന്നും മുൻകൈയെടുത്ത് ഈ കമ്പനി നിലനിർത്തുന്നതിനുവേണ്ടി വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. പക്ഷേ ഇപ്പോൾ പ്രവർത്തന മൂലധനത്തിന്റെ പോരായ്മ ഈ കമ്പനിയുടെ പ്രവർത്തനത്തെ വളരെ മന്ദഗതിയിലാക്കിയിരിക്കുകയാണ്. ഈ കമ്പനിക്ക് സഹായം ചെയ്തുകൊണ്ടിരുന്ന നാല് ബാങ്കുകളെ അടിയന്തിരമായി വിളിച്ചുകൂട്ടി കുറെ കൂടി പ്രവർത്തനം സുഗമമായ രീതിയിൽ കൊണ്ടു പോകുന്നതിനാവശ്യമായ മൂലധനം വേണമെന്നുള്ള ഒരാവശ്യം അവരെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly